# CHURCH VOICE

## CSI MATEER MEMORIAL CHURCH

Vol. 24 No. 04 Newsletter April, 2026





**SKD BISHOP RT. REV. DR. PRINSTONE BEN & BISHOPAMMA**

MEMBERS OF
MATEER MEMORIAL CHURCH

*Pray for God's Blessings upon them and their ministry*

CHURCH VOICE

24th year of publication

APRIL 2026

**ADDRESS**

The Chief Editor, Church Voice
M.M. Church, LMS
Compound, Trivandrum-33

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 9447059891**

# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Morning Worship (Monday-Saturday) | 07.00am |
| | Online Morning Prayer (Monday-Saturday) | 05:00am |
| | Online Evening Prayer (Monday-Saturday) | 08:00pm |
| Sunday | Malayalam Service | 06:00am |
| | Tamil Service | 07.00am |
| | Malayalam Service | 08:30am |
| | English Service | 10:30am |
| | Malayalam Service | 04:15pm |
| | Sunday School | 10.30am |
| | Men's Fellowship | 10:30am |
| | Women's Fellowship | 10:30am |
| | Christian Endeavour Youth Fellowship | 11:30am |
| | BCL Union & JCF | 11.30am |
| | Choir Practice | 12.00noon |
| Monday | Bible Study | 05.00pm |
| | Vestry Prayer | 06.30pm |
| Tuesday | Circle Prayer | 06.30pm |
| Wednesday | Gospel Band Visit | 04:30pm |
| | Women's Fellowship | 04.30pm |
| Thursday | Senior Citizens' Fellowship | 04.30pm |
| | Worship & Witnessing Service | 06:15pm |
| Friday | Circle Prayer | 06:30pm |
| Saturday | Fasting Prayer (2nd Saturday) | 10:00am |
| | Guitar Class | 04:00pm |
| | Choir Practice | 05.00pm |
| | Young Family Fellowship | 05:30pm |

## CHURCH OFFICE

| | |
|---|---|
| Mr. Saju Stanley (Manager) | 9447470953 |
| Mr. Darwin D. L. (Accounts Clerk) | 9809748617 |
| Mr. Rajeev T. | 9895801012 |
| Mr. G. Wilson | 9447525339 |
| Mr. Anil Kumar | 9048361292 |

**ഈസ്റ്റർ**
**ആശംസകൾ**

**മെറ്റീർ മെമ്മോറിയൽ ചർച്ച്**
**അംഗങ്ങൾക്കും**
**ചർച്ച് വോയിസിന്റെ**
**വായനക്കാർക്കും**
**സഫലമായ ഉയിർപ്പനുഭവം**
**ആശംസിക്കുന്നു !**



*Editorial*



# RESURRECTION OF OUR TRIUMPHANT LORD JESUS CHRIST

"He is risen, just as He said!" - Matthew 28:6

Dear beloved family of Mateer Memorial Church,

**As we gather to celebrate the Resurrection of Jesus Christ, we are reminded of the most pivotal event in human history.** Easter 2026 beckons us to behold the triumphant Lord, who has conquered the grave and reigns supreme!

**The Resurrection: A Historical Event**

The Resurrection of Jesus Christ is not a myth or a legend, but a historical fact, witnessed by countless eyewitnesses, including the disciples, Mary Magdalene, and over 500 brethren (1 Corinthians 15:6). The empty tomb, the rolled-away stone, and the angel's proclamation all attest to this undeniable truth.

**Universal Truth**

The Resurrection is a universal truth, transcending time, space, and cultures. It declares that Jesus Christ is the Son of God, the Messiah, and the Savior of humanity (John 3:16, Romans 1:4).

**Victory over Sin and Satan**

Through His Resurrection, Jesus Christ has declared victory over sin and satan (Colossians 2:15, 1 Corinthians 15:55-57). He has broken the chains of bondage, and offers freedom to all who believe in Him (John 8:36).

**Redemption and Salvation**

The Resurrection proclaims redemption and salvation to all mankind (Romans 5:10-11, Ephesians 1:7). Through faith in Jesus Christ, we are reconciled to God and our sins are forgiven (2 Corinthians 5:17-21).

**Renewal and Revival**

The Resurrection brings renewal and revival to our lives, empowering us to live a life of purpose, hope, and joy (Romans 6:4, 2 Corinthians 5:17). Let us surrender our lives to Christ, and experience the transformative power of His Resurrection.

**Hope of Eternal Life**

The Resurrection kindles within us the hope of eternal life, and the glorious expectation of the Second Coming of Jesus Christ (Titus 1:2, 1 Thessalonians 4:16-17). Let us live with eager anticipation, awaiting the return of our Lord and Savior.

**Relevance for the Modern World**

In a world fraught with uncertainty, pain, and despair, the Resurrection offers hope, comfort, and meaning. It reminds us that God's love is stronger than death, and that we are not alone (Romans 8:38-39).

**The Ultimate Responsibility of the Church**

As the Church of Jesus Christ, our mandate is to proclaim the Good News of the Resurrection to all nations (Matthew 28:19-20, Acts 1:8). Let us boldly share the Gospel, and demonstrate the love of Christ to a world in need.

"For if Christ has not been raised, your faith is futile; you are still in your sins." - 1 Corinthians 15:17

**Let us celebrate the Resurrection of Jesus Christ with joy, gratitude, and a renewed commitment to live for Him. May our lives reflect the radiance of the risen Lord, and may we be a beacon of hope in a world that desperately needs Him.**

Would you like to share a personal testimony of how the Resurrection has impacted your life, or would you like to pray together as a community?

***Editor***

# REPORT OF ACTIVITIES OF M M CHURCH FOR MARCH 2026

By the grace of God, all the activities of Mateer Memorial Church were conducted smoothly during the month.

Sunday worship services, weekday morning worships, and evening online prayer meetings were held regularly. Circle prayer meetings were conducted on all Tuesdays and Fridays.

**As part of the 120th Year Celebration of Mateer Memorial Church, the Third Ward Convention was organized by the Pattom Ward. The convention was graciously hosted at the residence of Sri. Dileep S. R. on 22nd March 2026. Members of the ward and Church gathered for a time of prayer, worship, and fellowship, making the event spiritually enriching and memorable.**

The church also continued its social outreach activities during the month. As part of the church's commitment to serving society, **food distribution at the Regional Cancer Centre (RCC) was carried out every week.** This initiative continues to be a meaningful ministry of compassion, offering support and encouragement to patients and their families.

The Church Committee meeting was held on the second Sunday of the month, as per the regular schedule. As per the direction of the Diocese, a special Church Committee meeting was conducted on 15th March 2026, during which the dues list was prepared and published.

All the sub-organizations of the church carried out their activities effectively during the month. The Christian Endeavour Youth Fellowship **(CEYF) organized a compassionate outreach programme** on 8th March 2026, distributing food to poor and needy people on the streets. This initiative reflected the commitment of the youth to serve society in the spirit of Christ's love.

**The Women's Fellowship** organized a spiritual retreat at CSI Kulasekharam on 20th March 2026, which provided members with a time of spiritual renewal, prayer, and fellowship. Likewise, the Senior Citizens' Fellowship conducted their retreat at Parathy on 27th March 2026, offering senior members an opportunity for spiritual reflection and fellowship.

A Fancy Sale, organized by the **National Missionary Society of India,** was conducted at TJM Hall on Sunday, 8th March 2026. The programme received encouraging support from church members and contributed towards the missionary activities of the organization.

The church also entered into the solemn period of Passion Week during this month. **The Passion Week** services commenced on 29th March 2026 with the **Palm Sunday** worship service. As part of the observance, a procession with palm leaves was conducted at 8:15 a.m., symbolizing the triumphant entry of Jesus Christ into Jerusalem and marking the beginning of the **Holy Week observances.**

**Rev. Dr. Prinstone Ben** was selected as the Bishop of the South Kerala Diocese. He was selected from the Bishop Panel by the CSI Synod. The Consecration Service was held on Sunday, 22nd March 2026, at 1:00 p.m. at Mateer Memorial CSI Church.

We thank God for His guidance and blessings. We prayerfully look forward to continuing the ministries of worship, fellowship, and service in the coming months for the glory of God and the growth of His Kingdom.

# MM CHURCH CEYF

**GOAL 2026 : TEENS CAMP**

Date : 8th April 2026 (5:00 pm) to 11th April 2026 (4:30 pm)

Venue : JMM Study Center, Mannanthala

For registration & details, contact:

**Alan Frederick (CEYF Secretary) : 7012953201**

**Ceragil Austin Prince (Convenor) : 9037819570**



## പ്രതിവാര ധ്യാനം

ഏപ്രിൽ 5

**ഉയിർത്തെഴുന്നേൽപ്പ് : മരണത്തിന്മേൽ ജയം**

*യെഹെ. 37:1-14, സങ്കീ. 49, 2 കൊരി. 5:1-10, മർക്കൊസ് 16:1-11*

ഏപ്രിൽ 12

**എന്റെ കർത്താവും ദൈവവുമായുള്ളോവേ**

യെശ. 45:21-25, സങ്കീ. 35:18-28, ഫിലി. 2:5-11, യോഹ. 20:24-29

ഏപ്രിൽ 19

**വന്ന് ഭക്ഷിക്കുവിൻ : ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ക്ഷണം**

1 രാജാ. 19:1-8, സങ്കീ. 23, അപ്ര. 27:27-36, യോഹ. 21:1-14

ഏപ്രിൽ 26

**ഉയിർത്തെഴുന്നേറ്റ കർത്താവ് : സഹയാത്രികൻ**

പുറ. 33:12-16, സങ്കീ. 121, അപ്ര. 18:1-11, ലൂക്കൊസ് 24:13-33

## SHEPHERDING OF GOD'S PEOPLE !

Three types of Shepherding of God's people:

**Undershepherding, Overshepherding and Good Shepherding.**

Believers don't grow
when the shepherding care
is not sufficient (Ezek. 34:1-6).

The ministry of every minister is to make every believer a minister (Eph. 4:11-13).

**If this is not happening, your Pastor is either Undershepherding**

**Or**

**Overshepherding you.**

**Take care !**

# ദൈവത്തിന്റെ അസ്തിത്വം തെളിയിക്കുന്ന പുനരുത്ഥാനം

ഡോ. ക്രിസ്സ്

കർത്താവിൽ പ്രിയരെ,

യേശുക്രിസ്തുവിന്റെ മാധുര്യമുള്ള നാമത്തിൽ എല്ലാ വായനക്കാർക്കും ഈസ്റ്റർ ആശംസകൾ.

ഉയിർത്തെഴുന്നേറ്റ യേശു പറഞ്ഞു. **'ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ, ഞാൻ പോകുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന്, പിന്നെയും വന്നു നിങ്ങളെ. എന്റെ അടുക്കൽ ചേർത്തു കൊള്ളും'** (യോഹ 14:2,3). ഭൗതിക ശരീരത്തിൽ ജീവിച്ച കാലത്ത് താൻ ആരംഭിച്ച ശുശ്രൂഷ പിതാവാം ദൈവത്തിന്റെ നിയോഗപ്രകാരം തുടർന്ന് ചെയ്യേണ്ടതാണെന്ന് യേശുവിന് പൂർണ്ണ ബോദ്ധ്യമുണ്ടായിരുന്നു. അതിനു ഭൗതിക ജീവിതത്തിലെ ജീവിതം അവസാനിപ്പിച്ചു ആത്മീയ ശരീരത്തോടുകൂടി ലോകത്തിൽ വീണ്ടും വരേണ്ടത് ആവശ്യമെന്ന് യേശു മനസ്സിലാക്കിയിരുന്നു. **നിശ്ചയമായും യേശു മടങ്ങിവരും. ന്യായാധിപനായി യേശു വീണ്ടും വരും.** അവർ ആകാശത്തിലേക്കു ഉററു നോക്കുമ്പോൾ, വെള്ള വസ്ത്രം ധരിച്ചു രണ്ടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു 'ഗലീലാ പുരുഷന്മാരെ നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നതെന്തു? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ അവൻ വീണ്ടും വരും എന്നു പറഞ്ഞു' (അപ്ര 1:10,11).

**തിരുവചന നിവൃത്തിയും പൂർത്തീകരണവും:** യേശു പറഞ്ഞു. 'ഞാൻ നല്ല ഇടയൻ; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തൻെറ ജീവനെ കൊടുക്കുന്നു' (യോഹ 10:11). ഇത് വെറും പ്രഖ്യാപനം മാത്രമായിരുന്നില്ല. ഈ വാഗ്ദത്തം യേശു തൻെറ സ്വന്തം ജീവിതത്തിലൂടെ നിറവേറ്റി. മനുഷ്യന്റെ വാക്കുകളും വാഗ്ദത്തങ്ങളും പരാജയപ്പെടുമ്പോൾ, അണുവിട വ്യതിചലിക്കാതെ വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ്. തന്റെ ജീവിതത്തിൽ പൂർണ്ണമായും നിറവേറുവാൻ എല്ലാ വസ്തുതകളും യേശു ശിഷ്യന്മാരോടും കൂടെയുള്ളവരോടും പങ്കുവച്ചിട്ടുള്ളതാണ്. എന്നാൽ, തക്കസമയത്ത് അത് ഓർക്കുന്നതിനും വിശ്വസിക്കുന്നതിനും അവർക്ക് സാധിച്ചില്ല. താൻ പറഞ്ഞതുപോലെ യേശു

ഉയിർത്തെഴുന്നേറ്റു. (വാക്യം 6) ഇത് തിരുവചന നിവൃത്തിയും ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ പൂർത്തീകരണവുമാണ്. മരണത്തോടു കൂടെ എല്ലാം അവസാനിക്കുന്നില്ല എന്ന സത്യം ഉയിർത്തെഴുന്നേൽപ്പിലൂടെ യേശു തെളിയിച്ചിരിക്കുന്നു. ജയാളിയായ കർത്താവ് ഇന്നും തന്നിൽ വിശ്വസിക്കുന്നവരുടെ ഹൃദയത്തിൽ വസിക്കുന്നു.

പുനരുത്ഥാനം വിജയത്തിന്റെ മഹോത്സവമാണ്. രക്ഷണ്യപ്രവർത്തിയുടെ അടിസ്ഥാന പ്രമാണമാണ് ഉയിർത്ത ക്രിസ്തു. പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി (മത്തായി 28:2). മണ്ണിനെയും വിണ്ണിനെയും കോരിത്തരിപ്പിച്ച ഒരു അപൂർവ്വ അത്ഭുതമാണ് ഉയിർത്തെഴുന്നേൽപ്പ്.

**'ക്രിസ്തുയിർത്തു ഹല്ലെലൂയ്യ; ഭാഗ്യമേറും നാളിതു, നിത്യജീവൻ മനുഷ്യർക്ക് രക്ഷകൻ സമ്പാദിച്ചു.'**

ക്രിസ്തുവിന്റെ തുറക്കപ്പെട്ട കല്ലറ ലോകത്തിൻറെ മുൻപിൽ ഒരു സാക്ഷ്യവും വെല്ലുവിളിയുമായി നിലനിൽക്കുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ കല്ലറക്കൽ പോയ സ്ത്രീകളോട് ദൂതൻ : 'ഭയപ്പെടേണ്ട. ക്രൂശിക്കപ്പെട്ട യേശു... ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു' (മത്തായി 28:5,6). ഭയത്തിന്റെ ആത്മാവിൽ നിന്നുള്ള മോചനമാണ് യഥാർത്ഥ സ്വാതന്ത്ര്യം. ക്രിസ്തുവിന്റെ ഉയിർപ്പ് ലോകത്തിന് സ്വാതന്ത്ര്യവും സമാധാനവും പങ്കുവച്ചു. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ പ്രത്യക്ഷത ശിഷ്യൻമാർക്ക് ആത്മധൈര്യവും ശക്തിയും പകർന്നു. ശിഷ്യന്മാരുടെ ധൈര്യവും ഉയിർപ്പിന്റെ ശൂന്യമായ കല്ലറയും, ദൂതന്മാരുടെ സാക്ഷ്യ യാഥാർത്ഥ്യത്തെ സ്ഥിരീകരിക്കുന്നു. **ക്രിസ്തുവിന്റെ ഉയിർപ്പാണ് വിശ്വാസിയുടെ ജീവിതത്തെ അർത്ഥവത്താക്കുന്നത്. തിന്മയുടെ മേൽ നന്മയുടെ വിജയം.** ഇരുളിൻമേൽ വെളിച്ചം. ദുരന്തങ്ങളുടെ പ്രളയകാലങ്ങൾക്കും സുകൃ തങ്ങളുടെ മഴവില്ലുണ്ടെന്ന് ഉയിർപ്പ് നമ്മെ ഓർമ്മപ്പെടുത്തുന്നു. അറി യാത്ത നാളെയിലേക്ക് പദം ഊന്നാൻ ഉയിർപ്പിന്റെ ഉത്സവം നമ്മെ ശക്തരാക്കുന്നു.

ജീവനില്ലായ്മയും ജീർണതയും വഴിമാറി; കാൽവരി ക്രൂശിൽ യാഗബലിയായിത്തീർന്ന യേശുവിന്റെ തിരുശരീരത്തെ ഒരു കല്ലറയിലാണ് അടക്കം ചെയ്തത്. മരണത്തിന് യേശുവിനെ കീഴടക്കാൻ കഴിഞ്ഞില്ല. ജീവനില്ലായ്മയുടെയും, ജീർണതയുടെയും ഇടം വിട്ട് സജീവവും ചലനാത്മകവും ആയ ജീവൻെറ അവസ്ഥയിലേക്ക് മാറിപ്പോയി സചേതനമായ ജീവന്റെ ഉറവിടമായി മാറിയിരിക്കുന്നു.

**പുതുജനന അനുഭവം**

ഒരു യഥാർത്ഥ ക്രിസ്ത്യാനി പുനരുത്ഥാന ശക്തി പ്രാപിച്ച ആളായിരിക്കണം. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാം ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് തന്നെ. (റോമർ 6:4) മരിച്ചവരിൽ നിന്നു ഉത്ഥാനം ചെയ്ത യേശു ഇന്ന് ആത്മശരീരത്തിൽ ജീവിക്കുന്നു. നമ്മുടെ മരണാനന്തരം യേശുവിനോടു കൂടെയാണ് നാം നിത്യത ചെലവഴി ക്കുന്നത്. **ഇപ്പോൾ നാം യേശുവിന് വിധേയപ്പെടുകയും അവന്റെ ആത്മാവ് നമ്മിൽ വസിക്കുകയും ചെയ്താൽ, നിത്യതയിൽ പൂർണ മായി അനുഭവിക്കാനിരിക്കുന്ന ആത്മ ജീവിതത്തിലേക്ക് നാം പ്രവേശി ക്കുന്നു. അതാണ് പുതുജനനം.** ആത്മീയമായി ജനിക്കു ന്നവർ ഉത്ഥാനം ചെയ്ത യേശുക്രിസ്തുവിനോടുകൂടെ ജീവിക്കും. 'ക്രിസ്തു യേശു മരിച്ചവൻ : മരിച്ചിട്ടു ഉയിർത്തെഴുന്നേററവൻ തന്നെ. അവൻ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു (റോമർ 8:34).

യേശു മാറാത്തവൻ, യേശു മാറാത്തവൻ,
യേശും മാറാത്തവൻ, ഹാ എത്ര നല്ലവൻ,
ഇന്നും എന്നും കൂടെയുള്ളവൻ...

**'ഉയിർപ്പിന്റെ സന്ദേശവാഹകരാകാം:** ഉയിർത്തെഴുന്നേറ്റ കർത്താവിനെ കണ്ടിട്ടു ശിഷ്യന്മാർ സന്തോഷിച്ചു.' അവർക്ക് പിന്നെ അടങ്ങിയിരി ക്കാനായില്ല (യോഹ 20:19). **അവർ ഊർജ്ജസ്വലരായി, ഊർജ്ജസ്വ ലരായി അവർക്ക് രൂപാന്തരം നൽകിയ ക്രിസ്തുവിന്റെ ശക്തരായ പ്രഘോഷകരമായി ലോകമെങ്ങും സാക്ഷികളായി. നാമോ?** ഉയിർത്തെഴുന്നേറ്റ യേശു പരിധികൾക്ക് അതീതനായി സർവവ്യാപി യായി ഇന്നും ജീവിക്കുന്നു. സത്യമായി തന്നെ അനുഗമിക്കുന്നവർ എവിടെ പോയാലും അവരോടൊപ്പം താനും ഉണ്ടായിരിക്കും. സ്വർഗ്ഗ ത്തിലും ഭൂമിയിലും സർവ്വഅധികാരവും ഉള്ള യേശു നമ്മെ ഓരോരു ത്തരെയും നമ്മുടെ ഇഹലോക ജീവിതത്തിലും മരണാനന്തരവും നമ്മെ രക്ഷിക്കുന്നു, പരിപാലിക്കുന്നു. മരണയോർദ്ദാൻ കടന്ന് ഉയിർത്തെഴു ന്നേറ്റ് നമ്മുടെ മദ്ധ്യത്തിൽ വസിക്കുന്ന യേശു തന്നിൽ ആശ്രയിക്കു ന്നവരെ മണ്ണിൽ കാത്തുസൂക്ഷിച്ചു വിണ്ണിൽ എത്തിക്കും നിശ്ചയം. ഉയിർപ്പിന്റെ ഈ ഉത്ഥാന പ്രത്യാശയിൽ നമുക്ക് മുന്നേറാം.

**ചരിത്ര സംഭവം**

മാനവജാതിയുടെ രക്ഷക്കായി യേശു ക്രൂശിൽ മരിച്ചു. കല്ലറയിൽ അടക്കപ്പെട്ടു. മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നത് ചരിത്ര സംഭവമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ അടിസ്ഥാന മാണ്. മരണത്തിന്റെ ശക്തികളെ ക്രിസ്തു പരാജയപ്പെടുത്തി. **ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ആനന്ദ അനുഭൂതിയും, നവജീവനും സ്വർഗീയ പ്രത്യാശയും ലോകത്തിന് പകർന്നുനൽകി.** ക്രൂശിലേക്കുള്ള യേശുവിന്റെ യാത്രയ്ക്ക് വ്യക്തമായ ഒരു ഉദ്ദേശമുണ്ട്. എല്ലാവരെയും പിതാവിങ്കലേക്ക് നയിക്കുക. തന്നെ അനുഗമിക്കുന്ന വരെ മാനിക്കുക. ദൈവിക പദ്ധതി പൂർത്തീകരിക്കുക. ജനം തന്നെ അറിയുകയും സത്യത്തിന് സാക്ഷികൾ ആകുകയും ചെയ്യണമെന്ന് യേശു ആഗ്രഹിക്കുന്നു. കർത്താവിന്റെ ഈ താല്പര്യത്തോട് നമ്മുടെ പ്രതികരണം എന്താണ്?

**Circle prayer at the residence of Dr. Ansalam Raj T. G.**






## VICTORIOUS CHRISTIAN

- God has already assigned **Victory** to His children.
- **Victory** is a password for every believer.
- Total consecration to God brings **Victory.**
- When we trust in God we are **Victorious.**

# FRAGRANT FLOWERS

**Mrs. C. C. Das**

**I can't think of a world without flowers,**
Their different colors minute and gigantic,
The combinations, designs, variations and setup,
So great prophesying Almighty's wonderful skills.

**The scented white flowers attract me,**
peeping out at night or dawn.
Rootless ones, huge trees, vines, orchids and water plants,
All kinds of flowers gape out to see the world and its hues.
All need the flowers, the butterflies, the bees, the chirpy birds and others,
All hug the flowers to live, to fulfill their hunger, to dance with them and to enjoy.

Imagine a world of desert sand and hills,
A world where ice settles everywhere,
**We are blessed indeed to see the flowers everyday.**
They adore us when we are happy,
they cry with us when we are sad,
They soothe us,
beautify us and cajole us with their sweet scent.

**Their fragrance beckons us before we see them,**
And as they softly sleep as in a cocoon,
Out comes the glossy fruit feeding one and all.
Like Manna, God's gift to nature and her offsprings.

*Study*

# CELEBRATE CHRIST'S 'RESURRECTION'

**Rev. Dr. J. T. K. Daniel**

**We celebrate Christ's resurrection, as He brings full transformation in His followers**

On the first Easter Sunday, **a little group of men met** behind bolted and barricaded door. Fear was on every one of them. They were dazed, stunned, bewildered and seated in silence. Their experience was one of irretrievable dejection and hopelessness. They were too benumbed in soul to pray to God. **The Risen Jesus Christ entered the closed room** and stood among them and said, "Peace be with you!" **and showed them his hands and side**. (John 20:19f.). The disciples were overjoyed and were aflame with super human confidence. Without skulking behind closed door any more, they were out on the streets and shared the message of Risen Christ who had transformed them. **Their ministry** and **message** were reported to **"have turned the world upside down".** Peter, who denied his Master to a servant woman, preached a powerful sermon on the day of Pentecost, which resulted in the transformation of 3000 people who joined the Early Church on the first day. The sifting sands have been blown away and **Peter became a real rock**, true to his name! According to early tradition, he was crucified upside down as a pioneering martyr for his faith in Christ. On the first Easter Sunday Thomas wandered alone in the dark, brooding on his own grief, unable to bear any company with his fellow disciples. When he was met by the Risen Christ a week later, he made the confession, "My Lord and My God" the climax of all confessions recorded in the Gospel according to St. John. According to early traditions, the **Apostle Thomas came to our land and was martyred for his faith.** We have known the story of **Sadhu Sundar Singh of Punjab** in the last Century and several others who were transformed by the power of the Risen Christ. Every Christian should become authentic witness for Christ by a fresh encounter with his/her Risen Lord Jesus. In our baptism a pledge of

# CIRCLE PRAYERS



Residence of Mr. Thomson Benz B. S



Residence of Mr. Shibu K



Residence of Adv. Jeyasenan C. R.



Residence of Mr. Manoj Assariah



Residence of Dr. Albert Babji Wills

# SENIOR CITIZENS' FELLOWSHIP RETREAT AT CSI PARATHY




## YMCA Woman Excellence Award 2026




Received by Er. Deepa S. John (W/o Er. Sachin Santhosh) Dr. V. R. Lalithambika, First Director of ISRO Human Space Programme presented the Award and YMCA President Dr. Arthur Jacob presented the Citation.

# WOMEN'S FELLOWSHIP RETREAT AT CSI KULASEKHARUM











## MM CHURCH YOUTH IN ACTION

"Assuredly, I say to you,
inasmuch as you did it to one of
the least of these My brethren,
you did it to Me"
Matthew 25:40

# FOOD DISTRIBUTION - CEYF

















# WARD CONVENTION




































Circle prayer at the residence of Dr. Ansalam Raj T. G.

a good conscience is made toward God and our salvation is obtained by the resurrection of Jesus Christ (I Peter 3:21).

**We celebrate Christ's resurrection, since He enables us to become His true witnesses**

The Risen Lord commanded His followers to become His witnesses through out the world (Acts 1:8). It is indeed an obligation of every Christian to be a witness for Christ today. **Mary Magdalene** became the first witness to Risen Christ. **She was commissioned to communicate the message of His resurrection to the other disciples.** God enables a woman, whose witness was not taken credible by the then society, became the first witness for Christ twenty centuries ago! In other words, God chose the weak, lowly and despised things of the world to shame the strong, the proud and the mighty. (I Corinthians 1:27ff). In order to fill the vacancy caused by Judas Iscariot, the Early church was particular to choose **Mathias who was a witness of Christ's resurrection.** (Acts 1:22). The apostles continued to testify to the resurrection of the Lord Jesus boldly even when they were threatened and persecuted by the authorities. (Acts 2:32, 4:33). When **Paul preached effectively about Jesus and His resurrection in Athens**, people mistook him and thought that he preached about two foreign gods, namely Jesus and Resurrection (Acts. 17:18). Are we witnessing for Christ by our word and deed in the multi religious and multi cultural society of our great land?

**We celebrate Christ's resurrection, since "Christ is all, and is in all."**

Reconciliation with God was possible for Jesus Christ made peace through the blood of His Cross (Colossians 1.20ff). **The Risen Christ transcends all alienating factors**. The orthodox Jew called **Saul of Tarsus** met the Risen Christ on the road to Damascus when he was engaged furiously in persecuting the Christians. A dramatic transformation took place in the life of Saul who became the Apostle St. Paul and a dynamic Christian leader. **A humble Christian called Ananias** hesitated very much to meet with the new Christian, but called him "Brother Saul" (Acts 9:17), overcoming all alienating factors between them. Sociological

stratification in India is a curse, which has been inherited in India with no basis of Christian faith. **All Christian believers affirm that we are all one in Christ-** there is no Jew or a Gentile, male or female, Brahmin or Sutra. Pandita Ramabai, a Brahmin widow of Maharashtra was inspired to accept Christ as her Saviour when she read from the letters of Paul of the human solidarity in Christ, transcending the gender barriers, "Christ is all and is in all" (Colossians 3:10). In other words, conversion, according to Christian faith means not only transformation in one's spirituality but also sociologically, promoting human solidarity by denouncing all caste distinctions. All Indian Christians should pay heed to what Pope John Paul II had stated, which was reported in The Hindu dated November 18th 2003, that **"Christians must reject divisions based on caste, since it is contrary to authentic human solidarity, a threat to genuine spirituality and a serious hindrance to the Church's mission of evangelization."**

---

**ധ്യാനം**

# ഉയിർത്തെഴുന്നേൽപ്പ് : ഉയിരിന്റെ എഴുന്നേൽപ്പും ഉടലിന്റെ വീണ്ടെടുപ്പും

**ഡോ. തിമോത്തി**

*ഉയിരിന്റെ എഴുന്നേൽപ്പും ആഘോഷവുമാണ് ഉയിർപ്പ്. മരണത്തിന്റെ ശക്തികളുടെമേലുള്ള ദൈവത്തിന്റെ വിജയമാണ് യേശുവിന്റെ ഉയിർപ്പ്.*

**ഉയിർത്തെഴുന്നേൽപ്പ്: ഉയിരിന്റെ എഴുന്നേൽപ്പ്**

ഉയിരിനെക്കുറിച്ചുള്ള സാമ്പ്രദായിക ധാരണ അത് കേവലം ജീവശാസ്ത്രപരമായ ഒരു പ്രതിഭാസമാണെന്നാണ്. ഉടലിനെ ചലിപ്പിക്കുന്ന ഒരു ശക്തിയാണ് ഉയിർ. ഉടലിൽ ഉടക്കിക്കിടക്കുന്ന അഥവാ ഉടൽ വിടാൻ വെമ്പുന്ന ഒന്നല്ല ഉയിർ. മറിച്ച്, മനുഷ്യജീവിതത്തിന്റെ കാലത്തെ അതിജീവിക്കുന്ന സാധ്യതയാണ് ഉയിർ. 'ജീവൻ' മരണത്തോടെ അവസാനിക്കുന്ന ഒന്നല്ല. **വേദപുസ്തക ഭാഷയിൽ പറഞ്ഞാൽ ജീവന് മരണത്തെ തോൽപ്പിക്കാൻ കഴിയും. ജീവൻ ദൈവത്തിന്റെ ഉണ്മയാണ്.** മനുഷ്യന്റെ ശരീരം ദൈവത്തിന്റെ സത്തയിൽ പങ്കുചേരുന്നത് ദൈവം നൽകുന്ന ജീവൻ മുഖാന്തിരമാണ്.

മനുഷ്യശരീരത്തിൽ ദൈവവും, ദൈവത്തിന്റെ ഉൺമയിൽ മനുഷ്യ ശരീരവും പങ്കെടുക്കുന്നത് ജീവനിലൂടെയാണ്. ജീവൻ ശരീരത്തെ ദൈവോന്മുഖവും, ദൈവത്തെ ശരീരോന്മുഖവുമാക്കുന്നു.

ശരീരം മരണത്തെ നിത്യമായി കീഴ്പ്പെടുത്തുന്നതാണ് 'നിത്യ ജീവൻ.' ഉയിർപ്പിലൂടെ ഉയിർകാലത്തെ അതിജീവിക്കുന്നു. 'നിത്യ ജീവൻ' ദൈവത്തിന്റെ സത്തയിൽ പങ്കെടുക്കാനുള്ള അനന്തമായ നിർ വിഘ്ന സാധ്യതയാണ്. യേശുവിന്റെ ഉയിർപ്പ് ഈ സാധ്യതയുടെ അടയാളവും മുന്നാസ്വാദനവുമാണ്. ജീവൻ ഭക്ഷണത്തിലൂടെയും വെ ള്ളത്തിലൂടെയും മനുഷ്യശരീരത്തിൽ നിലനിർത്തുന്ന ഒന്നല്ല.

ഉയിരിന്റെ എഴുന്നേൽപ്പും ആഘോഷവുമാണ് ഉയിർപ്പ്. മരണ ത്തിന്റെ ശക്തികളുടെ മേലുള്ള ദൈവത്തിന്റെ വിജയമാണ് യേശുവിന്റെ ഉയിർപ്പ്. **ഉയിർപ്പ് ഉയിരിന്റെ പ്രഖ്യാപനവും അടയാളപ്പെടുത്തലു മാണ്.** 'ജീവനെ' നിഷേധിക്കുന്നതും ഹനിക്കുന്നതുമായ മരണ വ്യാപാരികൾ വർദ്ധിച്ചുവരുന്ന ലോകത്ത് ജീവന്റെ ദുർബലാവസ്ഥ യിലും ഒരു എഴുന്നേൽപ്പ് സാധ്യമാണ്. ജീവന്റെ സാധ്യതകളെ കൊല്ലാൻ ഒരു ശക്തിക്കുമാവില്ല. മരണത്തിന്റെ താണ്ഡവത്തെക്കാൾ ജീവന്റെ താളമാണ് ആത്യന്തിക യാഥാർത്ഥ്യം. **യേശുവിന്റെ ഉയിർപ്പ്, ജീവന്റെ നിത്യതയെക്കുറിച്ചും മരണത്തിന്റെ താൽക്കാലികതയെ ക്കുറിച്ചുമുള്ള ദൈവത്തിന്റെ ഓർമ്മപ്പെടുത്തലാണ്.** ഉയിർപ്പ് ജീവനെ സ്നേഹിക്കാനുള്ള നിയോഗമാണ്.

**ഉയിർത്തെഴുന്നേൽപ്പ്: ഉടലിന്റെ എഴുന്നേൽപ്പ്**

**ഉടൽ ദൈവത്തിന്റെ ദാനവും മന്ദിരവുമാണ്.** എന്നാൽ മിക്ക മതദർ ശനങ്ങളിലും 'ശരീരം ആത്മാവിന്റെ തടവറയും പാപത്തിന്റെ ഭൂമിക യുമാണ്; ദൈവത്തിന്റെ ചൈതന്യമായ ആത്മാവിന്റെ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന നിഷേധാത്മക യാഥാർത്ഥ്യമാണ് ശരീരം. ശരീരം ആത്മാവിന്റെ അനന്ത സാധ്യതകൾക്ക് കൂച്ച്വിലങ്ങിടുന്നു. ശരീര ത്തിലുള്ള വാസം ആത്മാവിന് ബാധ്യതയാണ്. **എന്നാൽ അതേസമയം ശരീരത്തിന്റെ പ്രയോജനക്ഷമതയ്ക്കും ഉപയോഗപരതയ്ക്കും ആത്മാവിന്റെ ഔദാര്യ സാന്നിധ്യം അനിവാര്യവുമാണ്.** ആത്മാവ് ശരീരത്തിന്റെ സാധ്യതകളെ ഉദ്ദീപിപ്പിക്കുന്നുവെങ്കിലും ശരീരം ആത്മാവിന് ബാധ്യതയാണ്. തന്മൂലം 'രക്ഷ മരണത്തിലൂടെ ആത്മാവിന് ലഭിക്കുന്ന സ്വാതന്ത്ര്യമാണ്"; ശരീരത്തിന്റെ നിഷേധമാണ്. ഈ ശരീരം - ആത്മാവ് എന്ന ദ്വന്ദ്വചിന്തയുടെ നിരാസമാണ് യേശുവിന്റെ ജനനവും ജീവിതവും.

യേശുവിന്റെ ജനനം ശരീരം ധരിക്കാനുള്ള ദൈവത്തിന്റെ തീരുമാനമാണ്; ശരീരത്തിന്റെ സാധ്യതയും പ്രാധാന്യവും യേശുവിന്റെ ജനനത്തിന്റെ പ്രഖ്യാപനങ്ങളാണ്. ദൈവം പ്രവർത്തിക്കുന്നത് ശരീരങ്ങളിലാണ്; ശരീരം ദൈവത്തിന്റെ രക്ഷണ്യപദ്ധതിയുടെ ഇടങ്ങളാണ്. രക്ഷ ശരീരരഹിതമല്ലാ, മറിച്ച് ശരീരസഹിതമാണ്. ശരീരം (body) മാംസമായി (flesh) മിക്കപ്പോഴും തെറ്റിദ്ധരിക്കാറുണ്ട്, അത് ശരിയല്ല. യേശുവിന്റെ ഭക്ഷണ മേശകൾ പാപക്ഷമയുടെ മാത്രമല്ല, ശരീരത്തിന്റെയും ശാരീരികാ വശ്യങ്ങളുടെയും ആഘോഷമാണ്. എല്ലാത്തിലുമുപരി, മനുഷ്യന്റെ രക്ഷയ്ക്കായി യേശു നൽകിയത് സ്വന്തം ജീവനെയും ശരീരത്തെയും ആണ്. ശരീരങ്ങൾ കൗദാശിക മാണ്. ഓരോ കുർബ്ബാനയും ശരീരത്തിന്റെ ആഘോഷമാണ്. യേശുവിന്റെ ശരീരം നാം ശരീരത്തിൽ അനുഭവിക്കുന്നു.

ശരീരത്തിന്റെ നാശമല്ല, വീണ്ടെടുപ്പും രൂപാന്തരവുമാണ് ഉയിർപ്പ്. 'ആത്മാവിന്റെ രക്ഷ'യെന്ന ഗ്രീക്ക് വിശ്വാസമല്ല, മറിച്ച് ശരീരങ്ങളുടെ ഉയിർത്തെഴുന്നേൽപ്പാണ് ക്രിസ്തുവിശ്വാസത്തിന്റെ കാതലും പ്രത്യേകതയും. ഇതര മതവിശ്വാസങ്ങൾ ശരീരങ്ങളെ നിഷേധിക്കുമ്പോൾ, ഉയിർപ്പ് ശരീരങ്ങളുടെ വീണ്ടെടുപ്പിന്റെ ആഘോഷമാണ്. പുതിയതും രൂപാന്തരപ്പെട്ടതുമായ ശരീരം, മർത്യശരീരത്തിന്റെ സാധ്യതയുടെ പ്രകാശനമാണ്. ഉടലിന്റെ സാധ്യതയാണ് ഉയിർപ്പ്, ഉയിർപ്പ് ഉടലിന്റെ എഴുന്നേല്പാണ്.

---

**യുവകുടുംബങ്ങൾക്കായി**

# യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ സന്ദേശം എന്താണ് ?

**വിത്സൻ ജോസഫ്**

ക്രിസ്തുവിന്റെ ഉയിർപ്പാണ് വിശ്വാസിയുടെ ജീവിതത്തെ വ്യാഖ്യാനിക്കുന്നത്. തിന്മയുടെ മേൽ നന്മയുടെ വിജയമായും, ഇരുളിന്മേൽ വെളിച്ചത്തിന്റെ അധീശത്വമായും, ആത്യന്തികമായി നമ്മുടെ ഉയിർപ്പായും ക്രിസ്തുവിന്റെ ഉയിർപ്പിനെ നമ്മൾ മനസിലാക്കുന്നു. **എല്ലാ തോൽവികളുടെയും പരാധീനതകളുടെയും മേലുള്ള കർത്തൃത്വമാണ് ഉയിർപ്പ്.** കാലാതിവർത്തിയായ നിത്യസന്ദേശമാണ് ഉയിർപ്പിലൂടെ സാദ്ധ്യമാകുന്നത്.

കെട്ടുപാടുകളെ അഴിച്ചെറിഞ്ഞ് മുദ്രവച്ച മൂടികൾ തുറന്നുമാറ്റി, ക്രിസ്തുജീവനിലേക്ക് മടങ്ങിവന്നു എന്ന തിരിച്ചറിവ് നമ്മെ വല്ലാതെ സന്തോഷിപ്പിക്കും. 'അങ്ങനെ അവർ വേഗത്തിൽ ഭയത്തോടും മഹാ

സന്തോഷത്തോടും കൂടി കല്ലറ വിട്ട് അവന്റെ ശിഷ്യന്മാരോട് അറിയിപ്പാൻ ഓടിപ്പോയി" (മത്തായി 28:8).

ക്രിസ്തുവിന്റെ ക്രൂശും പുനരുത്ഥാനവും ഏതൊരു മനുഷ്യനെയും രൂപപ്പെടുത്തുകയും രൂപാന്തരം വരുത്തുകയും ചെയ്യും.

ഉയിർപ്പ് ജീവിതത്തിന്റെ പരിമിതിയെ ഉല്ലംഘിക്കുന്ന സ്വർഗ്ഗത്തിന്റെ ഉണർത്തുപാട്ടാണ്, ഹംസദൂതാണ്. ഉയിരിന്റെ ഉറവിനെ നിത്യ സന്തോഷത്തിന്റെ സംതൃപ്തിയിലേക്ക് കൊണ്ടുചെന്നെത്തിക്കുന്ന ആത്മാവിന്റെ നങ്കൂരമാണ് ഉയിർപ്പ്.

**ഉയിർപ്പ് ഉയർച്ചയാണ്. അത് ഉയിരിന്റെ ഉയർച്ചയാണ്. ബന്ധനങ്ങളിൽ നിന്നുള്ള ഉയരലാണ്. അത് പാപത്തിന്റെ ഉന്മാദാവസ്ഥയിൽ നിന്നുള്ള ഔന്നത്യമാണ്.**

ജീവനെ പുതുക്കുന്നതും രൂപാന്തരപ്പെടുത്തുന്നതുമായ അത്ഭുത പ്രതിഭാസമാണ് ഉയിർപ്പ്. അനുഗ്രഹത്തിന്റെ നികേതവും നിദാനവും ദൈവമായതിനാൽ ദൈവീകാനുഗ്രഹത്തിന്റെ മകുടമായ ക്രിസ്തുവിന്റെ ഉയിർപ്പ് നന്മതിന്മകളെക്കുറിച്ചുള്ള വിധി നിർണ്ണയിക്കുന്നതിൽ സവിശേഷമായ പങ്കുവഹിക്കുന്നു.

**ഉയിർപ്പിന്റെ സന്ദേശം, മരണാനന്തരമുള്ള ജീവന്റെ ഉറപ്പ് എന്നതിനേക്കാൾ നാം ആയിരിക്കുന്ന എല്ലാ അടിമത്തങ്ങളിൽ നിന്നുമുള്ള ഉയിർപ്പിന്റെ ഉറപ്പാണ്.**

**ജീവിതയാത്രയിൽ ക്രൂശിനെ ധ്യാനിക്കുന്നവനും ക്രൂശിന്റെ ചുവട്ടിൽ എത്തുന്ന ഏവനും ഉയിർപ്പിന്റെ പ്രകാശത്തിലേക്ക് ആകർഷിക്കപ്പെടും. ഉയിർപ്പ് പുതിയ നിയോഗം നൽകും. പുനഃപ്രതിഷ്ഠയിലേക്ക് നയിക്കും.**

ക്രിസ്തുവുമായി ബന്ധപ്പെടുന്ന ഏതൊരാൾക്കും, സാഹചര്യങ്ങൾക്കും സമയങ്ങൾക്കും ഒരു ഉയിർപ്പുണ്ട്.

യേശുക്രിസ്തുവിന്റെ ഉത്ഥാനം ക്രിസ്തീയ വിശ്വാസത്തിന്റെയും സാക്ഷ്യത്തിന്റെയും അടിസ്ഥാനമാണ്. വി. പൗലോസ് യേശുവിന്റെ ഉത്ഥാനത്തെ ഒരു മാതൃകയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 'എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകുകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി.

ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും' (1 കൊരിന്ത്യർ 15:20-22). ക്രിസ്തു ഉയിർത്ത് എഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കൊരിന്ത്യർ 15:14). ആയതിനാൽ മരണത്തിൽ നിന്നുമുള്ള യേശുവിന്റെ ഉത്ഥാനം. **വിശ്വാസസമൂഹത്തിന് പ്രത്യാശ പ്രദാനം ചെയ്യുന്നതിനോടൊപ്പം ഉത്ഥിതനെ സാക്ഷിക്കുവാനുള്ള നിയോഗവും നൽകുന്നു.** ഉത്ഥാനത്തിന്റെ അർത്ഥതലങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ ധ്യാനത്തിന്റെ ഉള്ളടക്കം.

ഉത്ഥാനം നിർജ്ജീവതയിൽ നിന്നും ജീവന്റെ നിറവിലേക്ക് നയിക്കുന്നു. യേശുവിന്റെ പ്രവർത്തനകാലഘട്ടത്തിലെ രാഷ്ട്രീയ നേതൃത്വവും മതനേതൃത്വവും യേശുവിന്റെ പ്രവർത്തനങ്ങൾക്ക് എതിരായിരുന്നു. യേശുവിന്റെ അധികാരത്തോടുകൂടിയുള്ള പഠിപ്പിക്കലുകളും യഹൂദന്മാരുടെ ശുദ്ധ അശുദ്ധ നിയമങ്ങളെ അതിലംഘിച്ച് രോഗികളെ സ്പർശിക്കുകയും സൗഖ്യമാക്കുകയും ചെയ്തതും പാപങ്ങളെ മോചിക്കുകയും സ്ത്രീകളോട് ഇടപെടുകയും മതാധികാരികളുടെ അപ്രമാദിത്തം വെല്ലുവിളിക്കുകയും ചെയ്തതും യേശുവിനോടുള്ള ശത്രുതാ മനോഭാവം വർദ്ധിപ്പിച്ചു. ആയതിനാൽ യേശുവിനെ ക്രൂശിക്കുവാനും അതു വഴി യേശുവിലൂടെ യാഥാർത്ഥ്യമായി തീർന്ന ദൈവരാജ്യശുശ്രൂഷയെ നിർജ്ജീവമാക്കി തീർക്കുവാനുമാണ് അവർ ശ്രമിച്ചത്.

അന്യായമായി വിസ്തരിക്കുകയും കുറ്റം വിധിക്കുകയും ക്രൂശിക്കുകയും കല്ലറ മുദ്രവച്ച് ഭദ്രമാക്കുകയും ഉത്ഥാനത്തെ തടയുവാൻ സന്നാഹങ്ങൾ ഒരുക്കുകയും (മത്തായി 27:6266) ചെയ്ത രാഷ്ട്രീയ മതനേതൃത്വത്തിന് അവിശ്വസനീയമായിരുന്നു. യേശുവിന്റെ ഉത്ഥാനം. **കല്ലറ നിർജ്ജീവതയുടെയും ജീർണ്ണതയുടെയും അടയാളമാണെങ്കിൽ ശൂന്യമായ കല്ലറ ഉത്ഥാനം നൽകുന്ന ജീവന്റെ നിറവാണ് സൂചിപ്പിക്കുന്നത്.** യേശുവിന്റെ ഉത്ഥാനം എല്ലാവിധ തിന്മഘടനകളുടെയും അന്ധകാരശക്തികളുടെയും പരാജയവും ജീവന്റെയും മരണത്തിന്റെയും മേലുള്ള ദൈവത്തിന്റെ ആത്യന്തികമായ അധികാരത്തിന്റെയും ആവിഷ്കാരമാണ്. ആയതിനാൽ ജീവനെ നിഷേധിക്കുന്ന ഘടനകൾ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സമൃദ്ധമായ ജീവന്റെ ആഘോഷകരാകുവാനാണ് ഉത്ഥാനം നമ്മെ വെല്ലുവിളിക്കുന്നത്.

**അപ്പനമ്മമാരോട്**

# കാനാവിൽ നിന്നും കാൽവരിയിലേക്ക്

**സതീഷ് ജോൺ**

കാനാവിലെ വിരുന്നുശാലയിൽ അവസാന പന്തിയിൽ ഉയർന്നു കേട്ട വാചകം ഏറെ ശ്രദ്ധേയമാണ്. **"എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരിപിടിച്ചശേഷം ഇളപ്പമായതും കൊടുക്കാറുണ്ട്. നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചു വെച്ചുവല്ലോ."**

സാധാരണ രീതിയിൽ അവസാന പന്തികളിൽ ആഹാരം കഴിക്കുന്നത് ആതിഥേയരും, അദ്ധ്വാനിക്കുന്നവരും ആയിരിക്കും. വീട്ടുകാരും, വേലക്കാരുമാണ് സാധാരണ ഗതിയിൽ അവസാന പന്തിയിൽ ഇരിക്കുന്നത്. അവിടെ അവിഭാജ്യ ഘടകങ്ങൾ ഒക്കെ അല്പം കുറവാണെങ്കിലും, തീർന്നുപോയെങ്കിലും വലിയ പ്രശ്നമില്ല എന്തെന്നാൽ വിളിക്കപ്പെട്ട അതിഥികളൊക്കെ സംതൃപ്തിയോടെ ഭക്ഷിച്ച് മടങ്ങിപ്പോയല്ലോ, ഇനി നമുക്ക് ഉള്ളത് മതി എന്ന ചിന്ത നമ്മെ ഭരിക്കും.

എന്നാൽ നമ്മുടെ ദൈവം അവസാന പന്തിയിലും ഏറ്റവും 'മേത്തരമായതു നൽകുവാൻ കഴിയുന്ന ദൈവമാണ് എന്ന് കാനാവിലെ വിരുന്നു ശാലയിൽ കൂടി നമ്മോട് സംവദിക്കുന്നു. ജീവിതമാകുന്ന വിരുന്നു ശാലയിലും അങ്ങനെ തന്നെയാണ്. **അവസാനത്തേത്, ചെറുത്, നഷ്ടമായത് എന്നൊക്കെ പറഞ്ഞ് സമൂഹം മാറ്റി നിർത്തിയവരെ, അവഗണിച്ചവരെ ഒക്കെ ചേർത്തു നിർത്തുന്ന ക്രിസ്തു നമ്മുടെ മുമ്പാകെ ഉയർത്തുന്ന വെല്ലുവിളി വളരെ വലുതാണ്.** സാരമില്ല, എന്നു ലോകം പറയുമ്പോൾ ഒറ്റയൊരെണ്ണമേയുള്ളൂ എങ്കിലും സാരമുണ്ട് എന്ന് പറയുന്ന ഒരു നല്ല ഇടയൻ നമുക്കുണ്ട്. അവൻ കാനാവിൽ നൽകിയത് ഏറ്റവും മഹത്തരമായ വീഞ്ഞാണെങ്കിൽ അവൻ നമുക്ക് വേണ്ടി കാൽവറിയിൽ നൽകിയത് ഏറ്റം മേൽത്തരമായ അവന്റെ ജീവനെ തന്നെയാണ്. കാനാവിൽ നിന്നും കാൽവരിയിലെ വിരുന്ന് ശാലയിലേക്കുള്ള പ്രയാണത്തിൽ അവൻ വിളമ്പി നൽകിയത് തന്റെ ജീവനെ തന്നെയാണ്. കാൽവരിയിൽ നിന്നു ഉയരുന്ന ചോദ്യം ഇപ്രകാരമായിരിക്കും.

***I died for you all. Can you live for me?...***

സങ്കേതമാകുകയാണ്. മരിക്കുവാനായിട്ടല്ല, അവനുവേണ്ടി ജീവിക്കുവാൻ അവൻ നമ്മെ വിളിക്കുന്നു. അവനുവേണ്ടി ജീവിക്കുകയെന്നാൽ ശബ്ദമില്ലാത്തവരുടെ ശബ്ദമാവുകയാണ്, പ്രത്യാശ നഷ്ടപ്പെട്ടവരുടെ പ്രത്യാശയാകുകയാണ്, തഴയപ്പെട്ടവരുടെ ഏറ്റം മേൽത്തരമായത് ഇനിയും വരുവാനിരിക്കുന്നതേയുള്ളൂ എന്ന (The best is yet to come) ചിന്തയിൽ **നമ്മിൽ മിച്ചമുള്ളത് നൽകുവാനല്ല, മെച്ചമായത് ദൈവത്തിനു വേണ്ടി നൽകുവാൻ** ഈ നോമ്പുനാളുകൾ നമ്മെ സഹായിക്കട്ടെ. അതിനായി നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കാം.

## CROSSED JORDAN TO BE WITH THE LORD

| | | |
|---|---|---|
| Family No. 701 | **Jessie Charles**<br>Karunalayam,TC 11/1736,CRA G6,Charachira,<br>Trivandrum 695003<br>Died on 08-03-2026 |  |
| Family No. 100 | **Mr.Thomas Joseph**<br>C/o Isaac Joseph(Fno-892), Asha Bhavan,SNRA 71,Surya Nagar,<br>Powdikonam P.O.<br>Died on 24-03-2026 |  |

*“Blessed are the dead who die in the Lord henceforth, ‘Blessed indeed, says the spirit’ that they may rest from their labours, for their deeds follow them! (Rev. 14:13)*

## ഉയിർത്ത ക്രിസ്തു നമ്മോടൊപ്പം !

ലോകത്തിന്റെ രക്ഷക്കായി അവതരിച്ചു, ജീവിച്ചു, ക്രൂശുമരണം വരിച്ചു, ഉയിർത്തെഴുന്നേറ്റ് ഇന്നും നമ്മുടെ സഹനങ്ങളിൽ പങ്കാളിയായി നമ്മെ നയിക്കുന്ന യേശുനാഥൻ, മാനസാന്തരപ്പെട്ടു തന്നിൽ വിശ്വസിക്കുന്ന ആരിലും ആത്മവിശ്വാസവും ധൈര്യവും പകരുന്നു.

# CROSSWORD PUZZLE - 24

Compiled by
**Premchand Johnson**



Nb: Questions are from both general knowledge and the Bible. Please whatsapp your answers to 9447018118 before 30th of every month.

## Across

2. Is there no _____in Gilead? Jer 8:22 (4)
3. Holy ones in halo(5)
8. Study of structure of living organisms. eg: Human body (7)
9. A group of geese (6)
10. Color with the shortest wave length in vibgyor(6)
12. Relating to cattle (6)
14. Leech, tapeworm etc are examples(9)
16. Angelic beings (7)
18. Canada's capital(6)
19. Paper quantity : Units (5)

## Down

1. A South American camelid(5)
4. Larger of the two bones in my lower leg(5)
5. An unmanned ariel vehicle (5)
6. A short play or act before a main entertainment event (6,6)
7. Tales, beleifs handed down to generations (8)
11. Expresses a viewpoint (6)
13. Matt.17:24, The place where Jesus paid tax (9)
14. They hold peas (4)
15. A figure of light bulb can express it (4)
17. Drops in mail box (4)

**WINNERS OF CROSSWORD 23**
**Salee Pramila, Sreelatha, Rexy Charles, Megha Sunil, Jayakumari J T, Jeslin Tibinet**

**Answers to Crossword 23:** 1) Lava 2) Horn 3) Sunburn 4) Mirror 5) Benjamin 6) Ides 7) Alternating 8) Rabbi 9) Organs 10) Canberra 10) Chameleons 11) Bipeds 12) Baikal 13) Altai 14) Amuse 15) Magnetism 16) Jealousy 17) Surfs 18) Rodeo 19) Greeted 20) Sirius

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Numbers 4-13. Towards the end of these ten chapters we see the Israelites start their journey after almost one year at Mount Sinai. Kindly, read these ten chapters before attempting the quiz. Please substantiate your answers by stating references (verse) from the Bible. The questions are prepared from the English Standard Version (ESV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before April 22nd through email at churchvoicequiz@gmail.com

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo. After taking a photo make sure that the answers are readable before sending it. Email is the only mode of communication.

*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs*
*You can also scan the QR code to go to the link*

1. Who should not eat grapes, fresh or dried?
2. If an Israelite is unclean through touching a dead body or is on a long journey during Passover when should they celebrate it?
3. Who shall carry the curtains of the tabernacle?
4. How much was the weight of the gold dishes from the chiefs of Israel given as the dedication offering for the altar on the day when it was anointed?
5. Who was shut outside the camp for seven days?
6. At which place did the Lord strike down the people with a very great plague while the meat was yet between their teeth?
7. If a married woman defiles herself who will bear her iniquity?
8. Who were taken by the Lord instead of all the firstborn among the people of Israel?
9. Father of Caleb?
10. What was to be made out of hammered work in silver?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*
*Please do go through the answers published every month, because I often value the submitted answers based on context rather than exactness.*

## The correct answers to the quiz from Leviticus 21-27 and Numbers 1-3

1. Judah (Num. 1:27)
2. Make himself unclean (Lev. 21:11)
3. Ten thousand (Lev. 26:8)
4. The Lord (Lev. 22:32)
5. At twilight on the fourteen day of the first month (Lev. 23:5)
6. He must add a fifth of the value to it (Lev. 27:31)
7. Shelomith (Lev. 24:11)
8. No one (Num. 3:4)
9. Fiftieth year (Lev. 25:10,11)
10. Shelumiel son of Zurishaddai (Num. 2:12)

List of people who had submitted the right answers to the quiz from Leviticus 21-27 and Numbers 1-3

1. Sujana Satish
2. Meehal Godwin
3. Mahil Ajith
4. Premila Janelet Sylam
5. Helen Saramma E. H.
6. Rohan J. Anil
7. Latha Job
8. Dr. S. Rexy Charles
9. Lilora P. R.
10. Megha Sunil
11. J. Sumangala
12. Nisha Sanalkumar
13. Sreelatha V. P.
14. Gladis J.
15. Salee Pramila D. P.
16. Sarojam T. S.
17. Jothi Roberts
18. Nesakumari Davidson
19. Chandra John
20. Princy Bose
21. Leelabai S.
22. Girly Rajesh John
23. Archana S. P.
24. Jeslin Tibinet
25. Lily Prasad
26. Nirmala Lal Jayakumar
27. Anitha Kingsley
28. J. Mershiha John
29. Rajesh John Ross
30. Dora Johnson
31. Leena J
32. Soben S. L.
33. Reuben S. L.
34. Anie Reuben

List of people who submitted answers with only one mistake

1.Jolly David

## മലയാളം പരിഭാഷ : ഏപ്രിൽ 2026, സംഖ്യാപുസ്തകം 4–13

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. മുന്തിരിങ്ങ പഴുത്തതാകട്ടെ ഉണങ്ങിയതാകട്ടെ തിന്നുവാൻ പാടില്ലാത്തത് ആര്?
2. യിസ്രായേൽ മക്കളിൽ വല്ലവനും പെസഹയുടെ സമയത്ത് ശവത്താൽ അശുദ്ധനാകയോ ദൂരയാത്രയിൽ ആയിരിക്കയോ ചെയ്താൽ അവൻ അത് എന്ന് ആചരിക്കേണം?
3. തിരുനിവാസത്തിന്റെ തിരശ്ശീല ചുമക്കേണ്ടത് ആര്?
4. യാഗപീഠം അഭിഷേകം ചെയ്ത ദിവസം യിസ്രായേൽ പ്രഭുക്കന്മാരുടെ പ്രതിഷ്ഠവഴിപാടിലുള്ള പൊൻ കലശങ്ങളുടെ തൂക്കം എത്ര?
5. ഏഴു ദിവസം പാളയത്തിന്നു പുറത്തു ആക്കി അടെച്ചിട്ടത് ആരെ?
6. ഇറച്ചി അവരുടെ പല്ലിന്നിടയിൽ ഇരിക്കുമ്പോൾ തന്നേ യഹോവ ജനത്തെ ഒരു മഹാബാധകൊണ്ടു സംഹരിച്ചത് എവിടെ വച്ച്?
7. ഒരു സ്ത്രീ ഭർത്താവുണ്ടായിരിക്കെ പിഴെച്ചാൽ ആരു അകൃത്യം വഹിക്കേണം?
8. യിസ്രായേൽ മക്കളിൽ ഉള്ള എല്ലാ കടിഞ്ഞൂലുകൾക്കും പകരം യഹോവ ആരെയാണ് എടുത്തത്?
9. കാലേബിന്റെ പിതാവ്?
10. വെള്ളികൊണ്ട് അടിപ്പുപണിയായി ഉണ്ടാക്കേണ്ടത് എന്ത്?

# MÁTEER MEMORIAL CHURCH

**(Built in 1906)**

**120 Years of God's Faithfulness**

**PRAY, PROVIDE, PARTICIPATE IN ALL THE 12 PROJECTS IN 2026**

- 2 Houses to underprivileged families ensuring safe and secure shelter.
- Educational Scholarships to 80 students (one in SKD).
- Educational Aid and Study materials to children from economically weaker backgrounds.
- Samooha Vivaaham : Organizing marriages to support underprevileged couples.
- Medical Camps to provide basic health care services.
- Financial support for Children : More than Rs. 50,000 to 10 children below 10 yrs of age with terminal illness.
- Church construction in Mission Field to support worship and spiritual growth.
- Job Fair connecting job seekers with employers and creating employment opportunities for youth and adults in SKD.
- Free Food Distribution every week at Regional Cancer Centre for patients and bystanders ensuring nourishment and care.
- Self-employment Scheme providing resources and support to start and sustain livelihoods.
- Ward Conventions in 12 wards of MM Church involving families to grow spiritually through worship, prayer and fellowship.
- Outreach Gospel Meetings for spiritual revival of village communities through music, personal testimonies and Word of God.

**GET INVOLVED IN CARING & SHARING**

## 9th Death Anniversary

*In Ever loving Memory of*



**Mr. M. Vijayan**

Rtd. Internal Financial Adviser, ISRO, Bangalore

**Family No. 633**

**Called to Eternal Glory on 7th March -2017**

Inserted by

Wife, Children and Grandchildren

## 1st Birthday in Heaven

*In Ever loving Memory of*



**P. N. Alen Paul**

Jees Villa, Statue, Trivandrum-695001

**Called to Eternal rest on 13.04.2025**

*It's been a year since you left us,*
*but everyday goes by with you in our hearts.*

By Sorrowing family:
Wife - Mrs. Sonia J. Santhosh
Children - Angelina S. Alen, Frederick S. Alen

# 120th YEAR CELEBRATIONS - FREE FOOD DISTRIBUTION AT RCC

We sincerely thank the sponsors who provide meals.




**Those who wish to support or participate may contact:**
**Jothi Sathianess: +91 98951 87978, Adv. Roy Y. A.: +91 80892 96427,**
**Ceragil Austin Prince: +91 90378 19570**